LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്തുന്നതിന് നടപടി

68 (517) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിപണിയിൽ ലഭിക്കുന്ന എല്ലാ ഭക്ഷ്യവസ്തുക്കളും ഭക്ഷ്യയോഗ്യമാണോ എന്ന് പരിശോധിക്കുവാൻ സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ;

(ബി) ഭക്ഷ്യവസ്തുക്കളിലെ മായംചേർക്കൽ കണ്ടെത്തുന്നതിന് ആരോഗ്യവകുപ്പിലെ സ്ക്വാഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഫുഡ് സേഫ്റ്റി കമ്മീഷണറുടെ കീഴിൽ സർക്കിൾ/മുൻസിപ്പാലിറ്റി, കോർപ്പറേഷൻ തലത്തിലുള്ള ഫുഡ് ഇൻസ്പെക്ടർമാർ എല്ലാത്തരം ഭക്ഷ്യവസ്തുക്കളുടേയും നിശ്ചിത സാമ്പിളുകൾ ശേഖരിച്ച് അതാത് മേഖലാ അനലറ്റിക്കൽ ലാബുകളിലേക്ക് പരിശോധനക്ക് അയക്കുകയും ടി സാമ്പിളുകൾ മായം ചേർത്തതായോ നിശ്ചിത ഗുണനിലവാരം ഇല്ലാത്തതായോ കാണുന്നപക്ഷം മായംചേർക്കൽ നിരോധന നിയമപ്രകാരം ഉൽപ്പാദന വിതരണക്കാർക്കെതിരെ ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ ക്രിമിനൽ കേസ് ഫയൽചെയ്യുകയും ചെയ്തുവരുന്നു. ഇപ്രകാരമുള്ള കുറ്റകൃത്യങ്ങൾക്ക് മായംചേർക്കൽ നിരോധന നിയമപ്രകാരം 6 മാസംവരെ തടവുശിക്ഷ ലഭിക്കാം.

(ബി) മായംചേർക്കൽ കണ്ടെത്തുന്നതിന് ഫുഡ്സേഫ്റ്റി കമ്മീഷറുടെ കീഴിൽ തിരുവനന്തരപുരത്തും എറണാകുളത്തും കോഴിക്കോടും ചീഫ് ഫുഡ് ഇൻസ്പെക്ടറും രണ്ട് ഫുഡ് ഇൻസ്പെക്ടർമാരും അടങ്ങുന്ന മൊബൈൽ വിജിലൻസ് സ്ക്വാഡ് പ്രവർത്തിച്ചുവരുന്നുണ്ട്.

പലിശരഹിത മെഡിക്കൽ അഡ്വാൻസ്

69 (518) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാർക്ക് പലിശരഹിത മെഡിക്കൽ അഡ്വാൻസ് എന്നുമുതലാണ് അനുവദിച്ചുതുടങ്ങിയത് ; വിശദാംശം അറിയിക്കുമോ ;

(ബി) പരമാവധി എത്ര തുകയാണ് ഐ.എഫ്.എം.എ.-യായി അനുവദിക്കുന്നത് ; ഉത്തരവ് ലഭ്യമാക്കുമോ ;

(സി) ക്യാൻസർ, ഹൃദ്രോഗം പോലുള്ള ചെലവേറിയ ചികിത്സയ്ക്ക് ഇപ്പോൾ നൽകുന്ന തുക പര്യാപ്തമാണോ ; ചികിത്സിക്കുന്ന ആശുപത്രികൾ കണക്കാക്കുന്ന എസ്റ്റിമേറ്റ് തുക പൂർണ്ണമായും വായ്പയായി നൽകുന്നുണ്ടോ ;

(ഡി) അല്ലെങ്കിൽ തുക വർദ്ധിപ്പിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?